**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4949** **11-08-2021 - ൽ മറുപടിയ്ക്ക്**

**ആശ വർക്കർമാരുടെ ഓണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് - 19 മുന്നണി പോരാളികളായ ആശാവർക്കർമാർക്ക് ഇപ്പോൾ എത്ര രൂപയാണ് ഓണറേറിയമായി നൽകുന്നതെന്നും എന്നു മുതൽ ഇത് നൽകുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | 2021 ഏപ്രിൽ മാസം മുതൽ 6000 രൂപ ഓണറേറിയം ആശാ പ്രവർത്തകർക്ക് നൽകി വരുന്നുണ്ട്. |
| (ബി) | മേയ്, ജൂൺ മാസങ്ങളിലെ ഓണറേറിയം ഇപ്പോഴും വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ആശാ പ്രവർത്തകർക്ക് 2021 ജൂൺ വരെയുള്ള പ്രതിമാസ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇവർക്ക് ഓണറേറിയത്തിന് പുറമേ മറ്റ് എന്താക്കെ അലവൻസുകളാണ് നൽകി വരുന്നത്; | (സി) | ആശാ പ്രവർത്തകർക്ക് ഓണറേറിയത്തിനു പുറമേ 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവും 1000 രൂപ കോവിഡ് ഇൻസെന്റീവും കൂടാതെ വിവിധ ആരോഗ്യ അനുബന്ധ പദ്ധതികളിൽ നിന്നും ജനറൽ ഇൻസെന്റീവുകളും നൽകി വരുന്നു. |
| (ഡി) | കോവിഡ് ഇൻസെന്റീവ്, ഫിക്സഡ് ഇൻസെന്റീവ് തുടങ്ങിയവ കോവിഡ് കാലം മുതൽ തന്നെ കുടിശ്ശിക വരാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുടിശ്ശിക വരാനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | 2021 ജൂൺ വരെയുള്ള ഓണറേറിയവും, കോവിഡ് ഇൻസെന്റീവും, ഫിക്സഡ് ഇൻസെന്റീവും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ ആശാ വർക്കർമാർക്കുള്ള ഓണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഇ) | കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചവർ എന്ന നിലയിൽ ഇവർക്ക് ലഭിക്കാനുള്ള ഓണറേറിയം, ഇൻസെന്റീവ് കുടശ്ശികകൾ സമയബന്ധിതമായി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഇ) | 2021 ജൂൺ വരെയുള്ള ഓണറേറിയവും, കോവിഡ് ഇൻസെന്റീവും, ഫിക്സഡ് ഇൻസെന്റീവും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ ആശാ വർക്കർമാർക്കുള്ള ഓണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ